# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 135 27.02.2017-ൽ മറുപടിയ്ക്ക്

## <u>പ്രവാസി ക്ഷേമം</u>

| **<u>ചോദ്യം</u>**<br>ശ്രീ.ഇ.കെ.വിജയൻ | **<u>മറുപടി</u>**<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പ്രവാസി ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സാന്ത്വന പദ്ധതി<br>• നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി<br>• 24 മണിക്കൂർ കോൾ സെന്റർ<br>• സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം<br>• പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>• ജോബ് പോർട്ടൽ<br>• നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം<br>• പ്രവാസി നിയമ സഹായ സെൽ<br>• എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്<br>• സ്വപ്ന സാഫല്യം<br>• നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)<br>• വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം<br>• കാരുണ്യം<br>• പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ |

ബി) പ്രവാസി ക്ഷേമ നിധിയുടെ പ്രവർത്തനം വിശദമാക്കുമോ;

സി) പ്രവാസി ക്ഷേമ നിധിയിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

ബി) & സി) കേരളത്തിലെ പ്രവാസികളുടെ പെൻഷനും മറ്റ് ക്ഷേമ പുനരധിവാസ പദ്ധതികളും നടപ്പിലാക്കുന്നതിന് 'കേരളാ പ്രവാസി ക്ഷേമ ആക്ട് 2008' തീയതി 12.01.2009 പ്രകാരം 12.03.2009 ൽ കേരളാ പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം തുടങ്ങി. 30.11.2009 ൽ ആദ്യത്തെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് രൂപീകരിച്ചു. ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരത്തും 2 റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോടുമായി പ്രവർത്തിച്ചു വരുന്നു. പ്രവാസികൾ കൂടുതലുള്ള മലപ്പുറം ജില്ലയിലെ കോട്ടക്കലിൽ ഒരു ലയ്സൺ ഓഫീസും പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്തുവരുന്നവർക്കും മിനിമം രണ്ട് വർഷമെങ്കിലും ജോലി എടുത്ത് നാട്ടിൽ തിരിച്ചെത്തിയ മുൻ പ്രവാസികൾക്കും കേരളത്തിനു പുറത്ത് ഇന്ത്യക്കകത്ത് കുറഞ്ഞത് 6 മാസമായി ജോലി സംബന്ധമായി താമസിച്ചവർക്കും ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാവുന്നതാണ്. പ്രവാസി ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിനുള്ള പ്രായം നിലവിൽ 18 നും 60 നും മദ്ധ്യേയാണ്.

കേരള പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമുള്ളവർക്ക് വേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബപെൻഷൻ
- അവശതാ പെൻഷൻ
- മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

സെക്ഷൻ ഓഫീസർ